"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ്- ജീവനക്കാര്യം- ഡോ.രാമകൃഷ്ണ. സി.ഡി ഫയൽ ചെയ്ത OA (EKM) 493/2025-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 02/04/2025-ൽ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3947/2025/H&FWD തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലെക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് (2019-ലെ 13-ാം ആക്ട്)
2. OA (EKM) 511/2021 -ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 14/10/2024- ൽ പുറപ്പെടുവിച്ച ഉത്തരവ്
3. ഡോ.രാമകൃഷ്ണ സി.ഡി.-യുടെ 22/01/2025-ലെ അപേക്ഷ
4. ഡോ .രാമകൃഷ്ണ സി.ഡി ഫയൽ ചെയ്ത OA (EKM) 493/2025 -ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 02/04/2025- ൽ പുറപ്പെടുവിച്ച ഉത്തരവ്
5. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 20/04/2025-ലെ എൻസി4/1482/2020/മെ.വി.വ നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ പ്രൊഫസ്സർ ആയി ജോലി ചെയ്യുന്ന ഡോ.രാമകൃഷ്ണ.സി.ഡി,സർക്കാർ സർവീസിലേക്ക് ആഗിരണം ചെയ്യാൻ നിർദ്ദേശം നല്കണമെന്ന ആവശ്യത്തിൽ ഫയൽ ചെയ്ത OA (EKM) 493/2025 -ൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ഡോ. രാമകൃഷ്ണ സി.ഡി.-യുടെ പരാമർശം (3) നിവേദനത്തിന്മേൽ (Annexure A8) ഉത്തരവിന്റെ പകർപ്പ് ലഭ്യമായി 2 മാസത്തിനകം ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി .

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഹർജ്ജിക്കാരനായ ഡോ.രാമകൃഷ്ണ സി.ഡി-യുടെ പരാമർശം (3) അപേക്ഷ (Annexure A8) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

3) ഡോ. രാമകൃഷ്ണ സി.ഡി. ഉൾപ്പെടെ 5 ഡോക്ടർമാർ മുൻ പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുമ്പോൾ പ്രസ്തുത സ്ഥാപനത്തിൽ കാർഡിയോളജി വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ

ജോലി ചെയ്തിരുന്നു. സ്ഥാപനം ഏറ്റെടുക്കുമ്പോൾ അവിടെ ജോലി ചെയ്തിരുന്ന റെഗുലർ ജീവനക്കാരെ സർക്കാർ സർവീസിലേക്ക് ആഗിരണം ചെയ്യുമെന്ന് സ്ഥാപനം ഏറ്റെടുത്തുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥിര നിയമനത്തിൽ ഉണ്ടായിരുന്ന 147 ഡോക്ടർമാർക്ക് വേണ്ടി തസ്തികകൾ സൃഷ്ടിക്കുകയും ടി ജീവനക്കാരെ ടി തസ്തികകളിൽ ആഗിരണം ചെയ്യുകയുംചെയ്തിട്ടുണ്ട്.

4) മുൻ പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുമ്പോൾ ജോലി ചെയ്തിരുന്ന കരാർ ജീവനക്കാരെ ഏറ്റെടുക്കുന്നതിനായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. അതുകൊണ്ട് നാളിതുവരെ ടി ജീവനക്കാരെ ആഗിരണം ചെയ്തിട്ടില്ലാത്തതുമാണ്. എന്നാൽ ഏറ്റെടുക്കൽ ആക്ടിലെ വകുപ്പ് 12- ന്റെ ആനുകൂല്യത്തിൽ ടി ജീവനക്കാർ ഇപ്പോഴും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നുണ്ട്. മുൻ പരിയാരം മെഡിക്കൽ കോളേജിൽ കരാർ അടിസ്ഥാനത്തിൽ, കാർഡിയോളജി വിഭാഗത്തിൽ പ്രൊഫസ്സർ തസ്തികയിൽ ജോലി ചെയ്തിരുന്ന ഡോ അഷ്റഫ് എസ്.എം. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമാന ആവശ്യമുന്നയിച്ച് ഫയൽ ചെയ്ത OA(EKM) നം.511/2021 - ൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ MCI മാനദണ്ഡങ്ങൾ അനുസരിക്കുന്നതിനായി മാത്രമാണ് ഒരു പ്രൊഫസർ തസ്തിക കണ്ണൂർ മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിൽ സൃഷ്ടിച്ചിട്ടുള്ളതെന്നും ആയത് കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡോ. അഷ്റഫ് എസ്.എം -നെ ആഗിരണം ചെയ്യാനുള്ള തസ്തികയല്ലെന്നും ബഹു. ട്രൈബ്യുണൽ വ്യക്തമാക്കിയിട്ടുള്ളതാണ് .

5) കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സർക്കാർ സർവീസിൽ സ്ഥിരപ്പെടുത്തുന്നതിനോ ആഗിരണം ചെയ്യുന്നതിനോ നിലവിൽ വ്യവസ്ഥയില്ല. മാത്രമല്ല ഡോ. രാമകൃഷ്ണ സി ഡിയെ ആഗിരണം ചെയ്താൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരെയും ആഗിരണം ചെയ്യേണ്ടിവരും. അതിനായി ഇതുവരെ തസ്തികകൾ സൃഷ്ടിച്ചിട്ടുമില്ല. ആയതിനാൽ ഡോ. അഷ്റഫ് എസ്.എം-ന്റെ കാര്യത്തിൽ സ്വീകരിച്ച നടപടി മാത്രമേ ഡോ. രാമകൃഷ്ണ സി.ഡി. ഉൾപ്പെടെയുള്ള കരാർ ജീവനക്കാരുടെ വിഷയത്തിലും സ്വീകരിക്കുവാനാകുകയുള്ളു

6) ഈ സാഹചര്യത്തിൽ, ഡോ. രാമകൃഷ്ണ സി.ഡി.-യുടെ പരാമർശം (3) നിവേദനത്തിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ച് സർക്കാർ ഉത്തരവാകുന്നു.

7) OA (EKM) 493/2025-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 02/04/2025- ൽ പുറപ്പെടുവിച്ച ഉത്തരവ് അപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുരളീധരൻ ചെട്ടിയാർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ് ) കേരളം, തിരുവനന്തപുരം

പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
ഡോ.രാമകൃഷ്ണ സി.ഡി, പ്രൊഫസർ(കരാർ അടിസ്ഥാനത്തിൽ) കാർഡിയോളജി വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എസ് 1/13/2025/ആ.ക.വ)

ഉത്തരവിൻ പ്രകാരം
Signed by Sajikumar. K
Date: 19-12-2025 21:22:30
സെക്ഷൻ ഓഫീസർ